**ഇഹ്സാൻ**

# എവിടെയാണ് 'സ്ലീപ്പിംഗ് സെല്ലുകൾ' പ്രവർത്തിക്കുന്നത്?

**ഹൈദരാബാദിലെ** മുസ്‌ലിംകൾ വീട്ടിൽ മുശർറഫിന്റെയും ഉസാമാ ബിൻലാദിന്റെയും ഫോട്ടോകൾ തൂക്കുന്നവരാണെന്നും അമുസ്‌ലിംകളിൽനിന്നും തിരിച്ചുപിടിക്കേണ്ട 'ഉമ്മത്തി'ന്റെ ഈ ഭൂമിയിൽ 1995 മുതൽ ലശ്കറെ ത്വയ്യിബയുടെ സെല്ലുകൾ മയങ്ങുന്നത് (sleeping cell) ഇന്റലിജൻസ് ഏജൻസികളുടെ ശ്രദ്ധയിലുണ്ടെന്നും ഇന്ത്യയിലെ 'സെക്യൂരിറ്റി അനലിസ്റ്റു'കളിൽ പേരുകേട്ട ബി. രാമൻ പോയവാരം തന്റെ കോളത്തിൽ എഴുതുന്നു. ഇന്ത്യയിലെ മിക്ക ഭീകരാക്രമണങ്ങളിലും ഒരു കണ്ണിയെങ്കിലും ഹൈദരാബാദിൽനിന്നാവുന്നതിനെ ഇതുമായി വേണം കൂട്ടിവായിക്കാൻ! പാകിസ്താൻ, ബംഗ്ലാദേശ്, ഗൾഫ് നാടുകൾ എന്നിവക്കു പുറമെ ബോസ്നിയയിലേക്കു പോലും നഗരത്തിലെ ക്ഷുദ്രശക്തികൾ വലക്കണ്ണി വ്യാപിപ്പിച്ചുകഴിഞ്ഞു.... ഹൈദരാബാദിന് പലപ്പോഴായി അദ്ദേഹം കൽപിച്ചുകൊടുത്ത പ്രത്യേകതകൾ വേറെയുമുണ്ട്. ആണവരംഗത്തെയും പ്രതിരോധമേഖലയിലെയും വ്യവസായരംഗത്തെയും ചില നിർണായക സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത് ഈ മുസ്‌ലിം ഭൂരിപക്ഷ നഗരത്തിലാണ്. നഗരത്തോടു ചേർന്ന് സുപ്രധാനമായ ചില ഹൈന്ദവ ക്ഷേത്രങ്ങളുമുണ്ട്. ഐ.എസ്.ഐക്ക് തഴച്ചുവളരാൻ ഇതിനേക്കാൾ വളക്കൂറുള്ള മറ്റൊരു സ്ഥലവും ഇന്ത്യയിലില്ല. എന്തുകൊണ്ട് ഹൈദരാബാദ് എന്ന ചോദ്യത്തിന് മറുപടിയായി രാമൻ എഴുതുന്നു.

റിട്ടയർ ചെയ്ത കാലത്തെ കഥ ഇതാണെങ്കിൽ ഇവരൊക്കെ സർവീസിൽ ഇരുന്ന കാലത്ത് നടത്തിയ 'വിശിഷ്ട സേവന'ങ്ങളുടെ കാര്യം തിരക്കാതിരിക്കലാവും നല്ലത്. ജീവിതത്തിൽ ഒരിക്കൽ പോലും രാമൻ മുസ്‌ലിംഭവനത്തിൽ കയറിയിട്ടില്ലെന്ന് ഏതായാലും ഉറപ്പ്. പറഞ്ഞുകേൾക്കുന്നത് സ്വീകരണമുറിയിൽ നരേന്ദ്ര മോഡിയുടെയും ഹിറ്റ്ലറുടെയും പടങ്ങൾ തൂക്കിയിട്ടതിനു താഴെയാണ് ആശാന്റെ ഇരിപ്പിടമെന്നാണ്. ഹൈദരാബാദിലെ മുസ്‌ലിം വീടുകളിൽ ഉസാമാ ബിൻ ലാദിന്റെ പടം തൂക്കുന്നവരുണ്ടെന്നും ഇക്കാര്യം സർക്കാറിന് അറിയാമെന്നും എന്നിട്ടും നടപടിയെടുക്കാത്തത് നഗരത്തിലെ മുസ്‌ലിംരോഷം ഭയന്നാണെന്നും ഈയിടെയുണ്ടായ തസ്‌ലീമ നസ്റീൻ സംഭവത്തെ സർക്കാർ കണ്ടില്ലെന്നു നടിച്ചതിന്റെ കാരണം മറ്റൊന്നാവാൻ തരമില്ലെന്നും മറ്റും കാച്ചി വിടുമ്പോൾ പരലോകത്ത് ഹിറ്റ്ലർക്കു പോലും സങ്കടം തോന്നുന്നുണ്ടാവാം. എൻ.ഡി.എയുടെ കാലത്ത് അഡീഷണൽ സെക്രട്ടറിയായി ജീവിച്ച് സ്വന്തം കഴിവുകൾ നശിപ്പിക്കുകയാണല്ലോ രാമൻ ചെയ്തത്. ദൈവം ഇയാളെ അന്ന് ജർമനിയിൽ ജനിപ്പിച്ചിരുന്നുവെങ്കിൽ മുഴുവൻ ലോകത്തിന്റെയും കഥ ഹിറ്റ്ലർ മറ്റൊന്നാക്കിയേനെ!

ജോർജ് ബുഷ് ഹൈദരാബാദിൽ വന്നതിനെതിരെ ഉയർന്ന പ്രതിഷേധമാണ് നഗരത്തിലെ ഐ.എസ്.ഐ സാന്നിധ്യത്തിന്റെ പ്രകടമായ ഉദാഹരണങ്ങളിലൊന്നായി രാമൻ എടുത്തു പറയുന്നത്. ബുഷിനെതിരെ മദാമ്മമാർ ഉടുതുണിയുരിഞ്ഞ് പ്രകടനം നടത്തുന്ന കാലത്താണ് ഇതെന്നോർക്കണം! ബുഷിന്റെ ഇന്ത്യൻ സന്ദർശനത്തിന് മറുപടി നൽകാനാണ് വാരണാസി സങ്കട്മോചൻ ക്ഷേത്രത്തിൽ ബോംബ്വെച്ചതെന്ന ആരോപണവും ഇദ്ദേഹം ഉന്നയിച്ചിരുന്നു. അന്നത്തെ കാറ്റനുസരിച്ച് എഴുന്നള്ളിച്ചതാവാം ആ വരികൾ. കഴിഞ്ഞ മെയ് മാസം മക്കാ മസ്ജിദിൽ സ്ഫോടനമുണ്ടായപ്പോൾ മുൻവിധിക്കനുസരിച്ച് സംഭവങ്ങളുടെ തൂക്കമൊപ്പിക്കേണ്ട ഗതികേട് രാമനെ പോലുള്ളവർക്ക് വന്നുകൂടി. മുസ്‌ലിംകളെ തന്നെ ലക്ഷ്യം വെക്കുന്ന ജിഹാദീ ആക്രമണങ്ങൾ വഹാബിസത്തിന്റെ ഭാഗമാണെന്ന പുതിയ സിദ്ധാന്തം അവതരിപ്പിക്കുകയാണ് അന്നദ്ദേഹം ചെയ്തത്. വണ്ടിയെ കാളക്കു മുമ്പിൽ കെട്ടാതിരുന്നാൽ ഇപ്പോൾ വായനക്കാർക്ക് തിരിച്ചുചോദിക്കാവുന്ന ചില ചോദ്യങ്ങളുണ്ട്: ബുഷ് വരുന്ന കാലത്തും ഇതേ ഛിദ്രശക്തികളും അവരുടെ ആർ.ഡി.എക്സും വഹാബിസവും മറ്റും ഹൈദരാബാദിൽ ഉണ്ടായിരുന്നല്ലോ. അമേരിക്കൻ പ്രസിഡന്റിന്റെ വിമാനം പോയ വഴിയിൽ ഹൈദരാബാദിലെവിടെയെങ്കിലും ഒരു പന്നിപ്പടക്കം എറിയാനെങ്കിലും കഴിഞ്ഞാൽ അതായിരുന്നില്ലേ അങ്ങ് വാരണാസിയിലോ മറ്റെവിടെയെങ്കിലുമോ ബോംബ് പൊട്ടിക്കുന്നതിനേക്കാൾ കെങ്കേമമാവുന്നത്?

വഹാബിസം, ലശ്കറിസം, ജയ്ശെ മുഹമ്മദിസം മുതലായ ഇസങ്ങളിൽ തളച്ചിട്ട് കശ്മീരിനു താഴെയുള്ളവരിൽ ഭീതി പടർത്തുന്നതിന് അദ്വാനിയുടെ ഓഫീസിൽനിന്നും ശമ്പളം പറ്റുന്ന ഇത്തരക്കാർ ഒരുപാടുണ്ട്. പക്ഷേ ജനം ഒന്നും കാണുന്നില്ലെന്ന് ഇവർ തെറ്റിദ്ധരിക്കരുത്. കഴിഞ്ഞ അഞ്ചെട്ട് വർഷക്കാലത്തിനിടെ രണ്ട് ഡസൻ ഉഗ്രസ്ഫോടനങ്ങളെങ്കിലും രാജ്യത്തുണ്ടായി. ഒന്നിലെങ്കിലും യഥാർഥ പ്രതിയെ പിടികൂടാൻ കഴിഞ്ഞോ ഏമാന്മാർക്ക്? കാശുകൊടുത്തോ 'അണ്ടകടാഹം' അടിച്ചു കലക്കിയോ വല്ലവരെ കൊണ്ടും കുറ്റം ഏറ്റെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടാവും എന്നല്ലാതെ ഒറ്റ കേസിൽ പോലും ബോംബ് വെച്ചവനെ പിടികൂടി സമൂഹത്തിനു മുമ്പാകെ ഹാജരാക്കാത്തതെന്ത്? കഴിവില്ലാത്തതുകൊണ്ടോ അതോ കള്ളൻ കപ്പലിൽതന്നെ ആയതുകൊണ്ടോ? തീക്കൊള്ളി കൊണ്ട് തല ചൊറിയാൻ തുടങ്ങിയത് ആരാണെന്ന് കണ്ടെത്താൻ ശീർഷാസനം നടത്തേണ്ട കാര്യമൊന്നുമില്ല. കൊട്ടാരം തിരക്കഥയനുസരിച്ചും അല്ലാതെയും രാജ്യത്ത് സ്ഫോടനങ്ങൾ നടക്കാൻ തുടങ്ങിയിട്ടുണ്ട് എന്നതല്ലേ ഈ പേനയുന്തികൾ പറയാൻ മടിക്കുന്ന സത്യം? ദൽഹി, മുംബൈ, വാരണാസി, അയോധ്യ, ബാംഗ്ലൂർ, ആർ.എസ്.എസ് കാര്യാലയം മുതലായവയെല്ലാം ഒരു തത്ത്വമനുസരിച്ചും സംഝോത എക്സ്പ്രസ്, മാലേഗാംവ്, മക്കാ മസ്ജിദ് എന്നിവ മറ്റൊരു തത്ത്വമനുസരിച്ചും നടന്ന സ്ഫോടനങ്ങളാണ്. ഇതിൽ രണ്ടാമത്തെ വകുപ്പിൽപെട്ട സ്ഫോടനങ്ങൾക്ക് മൊസാദിന്റെ ബുദ്ധി കടം കിട്ടിയിരുന്നില്ല എന്നു മാത്രം. എന്നല്ല നന്ദേഡിൽ സംഭവിച്ചതുപോലെ ചിലപ്പോഴൊക്കെ ഗൂഢാലോചനക്കാർ പരമദയനീയമായി പരാജയപ്പെടുകയും ചെയ്തു. ആർ.എസ്.എസ്സും വി.എച്ച്.പിയും തമ്മിൽ ഉണ്ടെന്നൊക്കെ പറയുന്ന തർക്കങ്ങൾ ശരിയാണെന്ന് ഒരുവേള സമ്മതിക്കേണ്ടിവരുന്നത് ഇത്തരം സംഭവങ്ങളുടെ മുമ്പിലാണ്. നോർത്ത് ബ്ലോക്കും സംഘ്പരിവാറും തമ്മിൽ അദ്വാനിയുടെ കാലത്ത് ഉണ്ടായിരുന്ന മനപ്പൊരുത്തം ഭജ്റംഗ്ദളിന്റെ നേതൃത്വവും ആർ.എസ്.എസ്സും തമ്മിൽ ഇപ്പോഴില്ല. ഈ ധാരണപ്പിശകിനെ വെളുപ്പിക്കാൻ പോലീസ് നിർലജ്ജം രംഗത്തിറങ്ങുന്നു എന്നതാണ് സ്ഫോടന കഥകളെ പരിഹാസ്യമാക്കുന്നത്.

എൻ.ഡി.എ കാലത്തെ അതേ വേഗതയിൽ കാര്യങ്ങൾ ഇപ്പോൾ മുന്നോട്ടു പോവുന്നില്ല എന്ന് പറയാം. ബുഷും ക്ലിന്റനും തമ്മിലുള്ള വ്യത്യാസം പോലെ ഇതിനെ കണക്കിലെടുത്താൽ മതി. ഇസ്രയേലിൽനിന്നും അമേരിക്കയിൽനിന്നും ഉപദേശം തേടി സുരക്ഷാനയങ്ങൾ നടപ്പാക്കുന്ന കാലത്ത് ശിവരാജ് പാട്ടീലിന് ഇത്രയെങ്കിലും കഴിഞ്ഞതുതന്നെ മഹാഭാഗ്യം. എങ്കിലും എവിടെയോ ചില 'സ്ലീപ്പിംഗ് സെല്ലുകൾ' ഇപ്പോഴുമുണ്ട്. അവർ ലശ്കറെ ത്വയ്യിബ മുതൽ ഭജ്റംഗ്ദൾ വരെ ആരുമാവാം. ഒരുവേള അധികാരികൾ തന്നെയാണെന്നും വരാം. ആർ.എസ്.എസ് കാര്യാലയത്തിനു നേർക്ക് നടന്ന ഭീകരാക്രമണത്തിന്റെ പൊരുൾ അതായിരുന്നല്ലോ. എന്തായാലും ഒന്നുറപ്പ്, നാൾ ചെല്ലുന്തോറും ഈ നാടകത്തിന്റെ വിശ്വാസ്യത ഇല്ലാതാവുക തന്നെയാണ്. ■